# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2976 | 13.07.2015-ൽ മറുപടിക്ക്.

### വിദ്യാലയ ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>(സി) പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | : (എ)യും (ബി)യും (സി)യും -<br>ഉണ്ട്,<br>സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്ക്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ്ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽ തുമ്പിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകുന്നു. കൂടാതെ ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ നടപ്പിലാക്കാനായി ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സ്കൂളുകളിൽ ബോധവൽക്കരണ സെമിനാറുകൾ നടത്താനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും ഉപയുക്തമാകുന്ന രീതിയിൽ ലഹരി വിരുദ്ധ പാംലെറ്റുകൾ വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) എവിടെയെല്ലാം പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | : (ഡി) ഈ പദ്ധതി നിലവിൽ തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീ-ശിശു സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന ഇൻഫർമേഷൻ ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ വിദ്യാലയങ്ങളിൽ ഇടയ്ക്കിടയ്ക്ക് എത്തിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ